MR. P. T. CHACKO : ആ വാഹനങ്ങളുടെ രജിസ്റ്റർ നമ്പരുകളുള്ള ലിസ്റ്റ് ഗവണ്മെൻറിനുണ്ടോ ?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസു വേണം.

MR. P. T. CHACKO : എഫ്. എ ടി-ക്കു് കൊടുക്കുന്ന പെട്രോൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കു് തിരുവിതാംകൂറിൽ ആവശ്യമായ അനുവാദമെങ്കിലും ഉണ്ടോ എന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : ഉണ്ടായിരിക്കണം. എന്തായാലും ആ ചോദ്യത്തിനു് നോട്ടീസുവേണം.

MR. P. T. CHACKO : എഫ്. എ. ടി-ക്കു് അടുത്തുള്ള സ്ഥലങ്ങളിലെല്ലാം ബ്ലാക്കു് മാർക്കറ്റിൽ പെട്രോളിൻെറ വില കുറവാണെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : അറിയാൻ പാടില്ല.

MR. P. T. CHACKO : ലൈസൻസില്ലാത്ത വാഹനങ്ങൾ അവിടെ ഓടിക്കുന്നുണ്ടായെന്ന വിവരം ഗവണ്മെൻറന്വേഷിക്കുമോ ?

MR. HON'BLE MR. A. THANU PILLAI : അന്വേഷിക്കാം.

MR. R. V. THOMAS (*Meenachil II—General*): പ്രതിമാസം തിരുവിതാംകൂറിലേക്കു് എത്ര പെട്രോൾ കിട്ടുന്നുണ്ടു്.

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസു വേണം.

MR. KANNARA GOPALA PANICKER (*Tiruvella II—General*) : എഫ്. എ. ടി-ക്കു് സമീപം വച്ചു് രണ്ടു ലോറികൾ കൂട്ടിയിടിക്കുകയും തൻമൂലം ഒരാൾ മരിക്കുകയും പെട്രോൾ തീയിലൊരു ലോറിയുടെ ഉടമസ്ഥൻ ആരാണെന്നു് ഇതുവരെ അറിവായിട്ടില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : ഈ ചോദ്യവുമായി ഒരു ബന്ധവുമില്ലാത്തതാണു്. അതറിഞ്ഞുകൂടാ.

Purchase of Paddy.

88. MR. K. S. JOSEPH (*Tiruvalla VI—General* : Will the Honourble Minister for Food be pleased to state;

(*a*) the price inclusive of bonus that they pay for the paddy that they procure from agriculturists and land-owners;

LIBRARY ARCHIVES Kerala Legislative Assembly

(*b*) the price at which they sell it; and

(*c*) why the Government maintain such a difference between their cost price and selling price?

HON'BLE MR. A. THANU PILLAI: (എ) പറയുക രണ്ടുരൂപാ.

(ബി) പറയുക മുന്നു രൂപാ. പുറത്തുനിന്നും വരുന്ന അരിയുടേയും ഇവിടെ നിന്നും വാങ്ങുന്ന നെല്ലിന്റെയും വില സമീകരിക്കുന്നതിലേക്കായിട്ടാണ് ഈ വ്യത്യാസം വരുത്തിയിരിക്കുന്നത്.

MR. K. S. JOSEPH (*Thiruvella IV—General*): ഗവണ്മെന്റ് എടുത്ത വിൽക്കുന്ന വിലയിൽ നിന്ന് നാലണ കുറച്ച് നെല്ലുടമസ്ഥനു കൊടുത്തുകൂടേ?

HON'BLE MR. A. THANU PILLAI: അതിനെപ്പറ്റി ആലോചിക്കാം.

MR. P. T. CHACKO: ഈ ബോണസ്സ് കൊടുക്കുന്നത് യഥാർത്ഥ കൃഷിക്കാരനാണോ അതോ ജന്മിക്കാണോ?

HON'BLE MR. A. THANU PILLAI: നെല്ലെടുക്കുന്നത് ആരുടെ പക്കൽ നിന്നാണോ അവർക്കാണ് കൊടുക്കുന്നത്.

MR. P. T. CHACKO: ആ പതിവു മാറ്റിയിട്ട് യഥാർത്ഥ കൃഷിക്കാരനുതന്നെ ബോണസ്സ് കിട്ടത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്യുമോ?

HON'BLE MR. A. THANU PILLAI: അതെപ്പറ്റി ആലോചിക്കാം.

State Transport.

89. MR. K. S. JOSEPH: will the Honourable Minister for Transport be pleased to state;

(*a*) Whether Government are aware that the system of issuing number coupons to passengers in the order of their arrival or demand for coupons at the State Transport bus stands at Kottarakara and Quilon has the salutary effect of eliminating the necessity for rushing, hustling and crushing in front of buses for obtaining seats; and

(*b*) if so, why they have not thought it proper to introduce this system at all the other stands also?

HON'BLE MR. T. M. VARGHESE (*Minister for Transport*): കൊല്ലത്തും കൊട്ടാരക്കരയും ക്യൂപ്പൺ സിസ്റ്റമാണ് നടപ്പിലിരിക്കുന്നതെന്ന് ഗവണ്മെൻറിനറിയാം. എന്നാൽ ക്യൂ സിസ്റ്റമാണ് കൂടുതൽ പ്രയോജനകരമെന്നുള്ള വിവരം ഗവണ്മെൻറിനു തോന്നുന്നു. കോട്ടയത്തും കൊല്ലത്തും കൊട്ടാരക്കരയും വേണ്ട സൌകര്യങ്ങൾ ഉണ്ടായാൽ ക്യൂപ്പൺ സിസ്റ്റത്തിനു പകരം ക്യൂ സിസ്റ്റം ഏർപ്പെടുത്തണമെന്നാണ് ഗവണ്മെൻറിന്റെ

LIBRARY ARCHIVES Kerala Legislative Assembly